**കേരള നിയമസഭ**

**പതിമൂന്നാം നിയമസഭ സമ്മേളനം**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4807** 04.07.2012 - **ൽ മറുപടി നൽകേണ്ടത്**

**പൊതുഭരണ വകുപ്പിന്റെ കീഴിൽ സർട്ടിഫിക്കറ്റ് പരിശോധന**

**ചോദ്യം** / **ഉത്തരം**

ശ്രീ. എം.പി.വിൻസെന്റ്

ശ്രീ.ഉമ്മൻ ചാണ്ടി (ബഹു. കേരള മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പൊതുഭരണ വകുപ്പിന്റെ കീഴിൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടേയും, സർവ്വീസിൽ പ്രവേശിക്കുന്നവരുടേയും സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും, സ്ഥാപനങ്ങളിലും നിയമനം ലഭിക്കുന്നവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഇപ്പോൾ തന്നെ പി.എസ്.സി.യും ബന്ധപ്പെട്ട നിയമനാധികാരികളും പരിശോധിക്കുന്നുണ്ട്. എന്നാൽ സംശയമുള്ള കേസുകളിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ള സ്ഥാപനങ്ങളിലയച്ച് അവയുടെ സാധുത പരിശോധിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്കു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആയതിനാൽ ഇതിലേക്കായി പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പി.എസ്.സി. പരീക്ഷാനടത്തിപ്പും നിയമന പ്രക്രിയയും കൂടുതൽ സുതാര്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (ബി) | പരീക്ഷാനടത്തിപ്പും നിയമന പ്രക്രിയയും സുതാര്യമാക്കാൻ പി.എസ്.സി. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. അപേക്ഷ സ്വീകരിക്കുന്നതും, ഹാൾടിക്കറ്റ് നൽകുന്നതും, ഉത്തര കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതും യന്ത്ര സഹായത്താൽ സുതാര്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി നടപ്പിൽ വരുത്തി- |

യിട്ടുള്ളതും ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ള-തുമാണ്. ഡിപ്പാർട്ടുമെന്റൽ പരീക്ഷകൾ-ക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും, പരീക്ഷകൾ ഓ.എം.ആർ. രീതിയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ വിവര വിതരണ സംവിധാനം ഒരുക്കുന്നതിന് വേണ്ടി പി.എസ്.സി. ഇൻഫർമേഷൻ സെന്റർ (കാൾ സെന്റർ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥി കൾക്ക് നിയമന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിലൂടെ അറിയു-വാനുള്ള സംവിധാനവും ഉണ്ട്.

സെക്ഷൻ ഓഫീസർ.